<u>പതിനാലാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.768</u> <u>27.04.2017-ൽ മറുപടിക്ക്</u>

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര പേർ ഇവിടെ ജോലി ചെയ്യുന്നുണ്ട്; ഇവർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയി ട്ടുള്ളത്; | (എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ 2013-ലെ പഠനത്തിൽ സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കേരളകുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം 54366 ഇതര സംസ്ഥാന തൊഴിലാളിക ൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ചുമതല 11.04.17ലെ സ.ഉ (സാധാ)നം. 521/17/തൊഴിൽ ഉത്തരവ് പ്രകാരം സ്മാർട്ട് ഐ.ടി. സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. |
| (ബി) തൊഴിലിനെന്ന വ്യാജേന ക്രിമിനൽ സ്വഭാവമുള്ള ഇതര സംസ്ഥാന തൊഴിലാളിക ഇവിടെ എത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി | (ബി) തൊഴിലിനെന്ന വ്യാജേന ക്രിമിനൽ സ്വഭാവമുള്ള ഇതര സംസ്ഥാന തൊഴിലാളികൾ എത്തുന്നത് കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പിനു പ്രത്യേക സംവിധാനങ്ങൾ ഇല്ല. |

സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇവരുടെ രജിസ്ട്രേഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി അധികാരപ്പെടുത്തും വിധം എന്തെങ്കിലും നടപടി സ്വീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ആവാസ് പദ്ധതിയെക്കുറിച്ചുള്ള ബോധവല്ക്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് നിറവേറ്റാനുള്ളത്.

സെക്ഷൻ ഓഫീസർ